STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.415/PR/SPMC/PHQ/2026 Date:12.09.2026

## പത്രക്കുറിപ്പ്

## അടിയന്തര സാഹചര്യങ്ങളിൽ പൊലീസിനെ വിളിക്കാം ഒറ്റ ക്ലിക്കിൽ

യാത്രകളിലോ വിജനമായ പ്രദേശങ്ങളിലോ അപകടസാധ്യതയോ ആശങ്കയോ നേരിട്ടാൽ ഇനി ഭയക്കേണ്ടതില്ല. പൊതുജനങ്ങൾക്ക് ഏതു നിമിഷവും അടിയന്തര പൊലീസ് സഹായം ലഭ്യമാക്കാൻ കേരള പൊലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പായ 'പോൽ ആപ്പിൽ' (Pol App) അത്യാധുനിക SOS സംവിധാനം സജ്ജമാണ്.

അപകടസൂചന തോന്നുമ്പോൾത്തന്നെ ആപ്പിലെ SOS ബട്ടൺ ഒരുതവണ അമർത്തിയാൽ മതിയാകും. സെക്കൻഡുകൾക്കകം നിങ്ങളുടെ കൃത്യമായ GPS ലൊക്കേഷൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന പൊലീസ് കൺട്രോൾ റൂമിലേക്ക് കൈമാറപ്പെടും. ഇതോടെ തൊട്ടടുത്തുള്ള പൊലീസ് പട്രോളിങ് വാഹനത്തിലേക്ക് ഉടൻ

സന്ദേശമെത്തുകയും പൊലീസ് സംഘം സ്ഥലത്തേക്ക് തിരിക്കുകയും ചെയ്യും.

ഇതിനുപുറമേ, ആപ്പിൽ മുൻകൂട്ടി സേവ് ചെയ്തിട്ടുള്ള നിങ്ങളുടെ അടിയന്തര കോൺടാക്റ്റുകളിലേക്ക് (**Emergency Contacts**) ലൊക്കേഷൻ സഹിതമുള്ള സന്ദേശം തൽസമയം എത്തുന്ന രീതിയിലാണ് ഇതിന്റെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

***************************